**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **13-12-2022 - ൽ മറുപടിയ്ക്ക്**

**കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ സുജിത് വിജയൻപിള്ള</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിച്ച കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;</td><td>(എ)</td><td>ഉണ്ട്.<br><br>കേരള സർക്കാരിനു വേണ്ടി കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ ബഹുമാനപ്പെട്ട നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബെഞ്ച് 29-01-2021-ാം തീയതിയിലെ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ ഘന വ്യവസായ വകുപ്പിനു കീഴിലുള്ള കേന്ദ്ര പൊതു മേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ കിൻഫ്ര മുഖേന ഏറെറടുക്കുകയും ചെയ്തു.<br><br>കേരള സർക്കാർ ഏറ്റെടുത്തതിനു ശേഷം 01-01-2022 മുതൽ കമ്പനിയുടെ എല്ലാ പ്ലാന്റുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങളിലായി ആരംഭിക്കുകയും ഒക്ടോബർ അവസാനം പൂർത്തീകരിക്കുകയും, 01-11-2022 മുതൽ വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. കർശന ഗുണനിലവാരവും പൂർണ്ണ ഉല്പാദനതോതും കൈവരിക്കുന്നതിനുള്ള നിയന്ത്രിത പ്രവർത്തനങ്ങൾ 2022 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതോടെ പൂർണ്ണ തോതിലുള്ള വാണിജ്യ ഉല്പാദനത്തിലേക്കും വിപണനത്തിലേക്കും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) പ്രവേശിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പ്രതിവർഷം എത്ര മെട്രിക് ടൺ ഉല്പാദനശേഷി കൈവരിക്കാൻ പ്രസ്തുത സ്ഥാപനത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;</td><td>(ബി)</td><td>പ്രവർത്തനശേഷി പൂർണ്ണമാകുമ്പോൾപ്രതിവർഷം 1,00,000 ടൺ ന്യൂസ്പ്രിന്റ് ഉല്പാദനം കൈവരിക്കാൻ കെ.പി.പി.എൽ.-ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.</td></tr>
<tr><td>(സി)</td><td>കെ.പി.പി.എൽ.-ന് പ്രതിവർഷം എത്ര കോടിയുടെ</td><td>(സി)</td><td>നിലവിലെ വിപണി വിലയുടെ അടിസ്ഥാനത്തിൽ,</td></tr>
</table>

| | | | |
|---|---|---|---|
| | വിറ്റുവരവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | പ്രതിവർഷം 650 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമനനടപടികളിലൂടെ ഹ്രസ്വകാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.<br><br>അതോടൊപ്പം വനാധിഷ്ഠിത വസ്തുക്കളും, പാഴ്കടലാസ്സും ഉൾപ്പെടെയുള്ള വിവിധ അസംസ്കൃത വസ്തുക്കളുടെ സമാഹരണം, ട്രാൻസ്പോർട്ടേഷൻ, ഫീഡിങ് മുതലായ മേഖലകളിലും ഇതര അനുബന്ധ മേഖലകളിലുമായി ഏകദേശം 650 പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

മുൻപുണ്ടായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനത്തിനു വേണ്ടി കേരള സർക്കാർ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ കൊച്ചി ബെഞ്ച് അംഗീകരിക്കുകയും അതനുസരിച്ച് കമ്പനിയെ കേരള സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന്, Registrar of Companies (RoC) അംഗീകാരം നൽകുകയും കമ്പനിയെ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) ആയി സംയോജിപ്പിക്കുന്നതിന് 20.12.2021-ൽ Certificate of Incorporation നൽകുകയും ചെയ്തു. നിലവിൽ, രണ്ട് ഘട്ടങ്ങളായുള്ള പുനരുജ്ജീവന പദ്ധതി (phase I & II) KPPL-ൽ നടപ്പിലാക്കിക്കഴിഞ്ഞു. 01-11-2022 മുതൽ വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചു. കർശന ഗുണനിലവാരവും പൂർണ്ണ ഉല്പാദനതോതും കൈവരിക്കുന്നതിനുള്ള നിയന്ത്രിത പ്രവർത്തനങ്ങൾ 2022 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതോടെ പൂർണ്ണ തോതിലുള്ള വാണിജ്യ ഉല്പാദനത്തിലേക്കും വിപണനത്തിലേക്കും കെ.പി.പി.എൽ പ്രവേശിക്കുന്നതാണ്. പ്രതിവർഷം 1,00,000 ടൺ ന്യൂസ്പ്രിന്റ് ഉല്പാദനശേഷി കൈവരിക്കാൻ കെ.പി.പി.എൽ.-ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ വിപണി വിലയുടെ അടിസ്ഥാനത്തിൽ, പ്രതിവർഷം 650 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.

നിലവിലുള്ള പ്ലാന്റുകളും യന്ത്ര സാമഗ്രികളും പൂർണ്ണ പ്രവർത്തനക്ഷമത കൈവരിച്ച് ഉന്നത ഗുണനിലവാരമുള്ള ന്യൂസ്പ്രിന്റ്, വിപണിയിലേക്ക് ലാഭകരമായി എത്തിക്കുന്ന ലക്ഷ്യത്തോടൊപ്പം, ഉൽപ്പന്ന വൈവിധ്യ വൽക്കരണവും പ്രവർത്തന തോത് പതിന്മടങ്ങു വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് അടുത്ത സാമ്പത്തിക വർഷത്തോടെ തുടക്കം കുറിയ്ക്കുന്നതിനാണ് കെ. പി. പി. എൽ ലക്ഷ്യമിടുന്നത്. ഉന്നത ഗുണ ശ്രേണിയിലുള്ള പാക്കേജിങ് പേപ്പർ ഉല്പന്നങ്ങളുടെ നിർമ്മാണം സാക്ഷാത്കരിക്കുവാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. കേരള പേപ്പർ പ്രോഡക്ട്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടം ആയാണ് ഈ പദ്ധതി വിഭാവനം ചെയിതിരിക്കുന്നത്. ഉദ്ദേശം 850 കോടിയോളം രൂപയാണ് ഈ ഘട്ടത്തിൽ മുതൽ മുടക്കു പ്രതീക്ഷിക്കുന്നത്. നിലവിലുള്ള പ്ലാന്റുകളുടെ പുനരുദ്ധാരണവും ഉത്പന്ന വൈവിധ്യവത്കരണവും നടത്തി നിലവിലുള്ള ഉല്പാദന തോത് വർധിപ്പിക്കുന്ന, 350 കോടിയോളം മുതൽ മുടക്കു പ്രതീഷിക്കുന്ന നാലാം ഘട്ടവും സർക്കാരിന്റെ പരിഗണനയിലുണ്ട്. നാല് ഘട്ടങ്ങളിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്ന ഈ വികസന പ്രവർത്തനങ്ങളുടെയും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങളുടെയും പരിസമാപ്തിയോടുകൂടി രാജ്യത്തെ ഏറ്റവും മികച്ച പേപ്പർ നിർമ്മാണ കമ്പനികളിൽ ഒന്നായി കെ. പി. പി. എൽ മാറും എന്നാണ് പ്രതീക്ഷിക്കുന്നത്.

വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച കേരള പേപ്പർ പ്രോഡക്ട്സ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. അതോടൊപ്പം വനാധിഷ്ഠിത വസ്തുക്കളും, പാഴ്കടലാസ്സും ഉൾപ്പെടെയുള്ള വിവിധ അസംസ്കൃത വസ്തുക്കളുടെ സമാഹരണം, ട്രാൻസ്പോർട്ടേഷൻ, ഫീഡിങ് മുതലായ മേഖലകളിലും ഇതര അനുബന്ധ മേഖലകളിലുമായി ഏകദേശം 650 പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം നിലവിൽ വന്നിട്ടുണ്ട്.